**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 591** **17-09-2025 - ൽ മറുപടിയ്ക്ക്**

**കുത്തിയതോട്, പൂച്ചാക്കൽ സബ്ട്രഷറികളുടെ നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ നിയോജക മണ്ഡലത്തിലെ കുത്തിയതോട് സബ്ട്രഷറി, പൂച്ചാക്കൽ സബ്ട്രഷറി എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കുത്തിയതോട് സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 8 സെന്റ് വസ്തു ട്രഷറി വകുപ്പിന് കൈമാറുന്നതിനായി കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 11/11/2024 - ലെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി സ്ഥലത്തിന്റെ സൈറ്റ് പ്ലാൻ എത്രയും വേഗം ട്രഷറി വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് ചേർത്തല ഭൂരേഖ തഹസിൽദാർക്ക് 15/02/2025 -ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ട്രഷറി വകുപ്പിന് കൈമാറിക്കിട്ടിയാൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ടി സ്ഥലത്ത് കുത്തിയതോട് സബ് ട്രഷറിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളുന്നതാണ്.<br><br>പൂച്ചാക്കൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പാണാവള്ളി വില്ലേജ് സർവ്വേ നമ്പർ 61/1ലുള്ള 03.37 ആർസ് പുറമ്പോക്ക് ഭൂമി കണ്ടെത്തുകയും ടി വസ്തുവിൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഉപയോഗാനുമതിക്കായി ആലപ്പുഴ ജില്ലാ കളക്ടർക്ക് ട്രഷറി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ആലപ്പുഴ ജില്ലാ ട്രഷറി ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, ആയതിൻപ്രകാരം നിരാക്ഷേപപത്രം ലഭിക്കുന്നതിന് ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് (നിരത്ത്) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ടി വസ്തുവിന് ഉപയോഗാനുമതി ലഭിക്കുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ